'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കാരച്ചുണ്ട് ഗ്രാമപഞ്ചായത്ത് - ഹരിത കർമ്മസേന മുഖേന മാലിന്യം ശേഖരിക്കുന്നതിനും കളക്ഷൻ യൂണിറ്റിൽ എത്തിക്കുന്നതിനും ഒരു പിക്കപ്പ് ഓട്ടോറിക്ഷ വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.2209/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 09/10/2019

---

പരാമർശം:- 1 കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.01.2019 ലെ കത്ത്. (SRG 68/19 CC 17/19)

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.2019 ലെ 2.2 (27/02/2019 ലെ 4.5) നമ്പർ തീരുമാനം)

<u>ഉത്തരവ്</u>

ഹരിത കർമ്മസേന മുഖേന മാലിന്യം ശേഖരിക്കുന്നതിനും കളക്ഷൻ യൂണിറ്റിൽ എത്തിക്കുന്നതിനും പ്രത്യേകം രൂപകൽപന ചെയ്ത വാഹനം വാങ്ങുവാൻ അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിതകർമ്മസേനയ്ക്ക് പിക്ക് അപ് ഓട്ടോറിക്ഷ വാങ്ങുന്നതിന് അനുമതി നൽകാവുന്നതാണ് എന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് കാരച്ചുണ്ട് ഗ്രാമപഞ്ചായത്തിന് ഹരിതകർമ്മസേന മുഖേന മാലിന്യം ശേഖരിക്കുന്നതിനും കളക്ഷൻ യൂണിറ്റിൽ എത്തിക്കുന്നതിനും ഒരു പിക്ക് അപ് ഓട്ടോറിക്ഷ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ/ ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കാരച്ചുണ്ട് ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ത.സ്വ.ഭ.വ (ഡി.എ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്